തയ്യാറാക്കുക, അക്കൗണ്ടന്റ് ജനറലിന് കൃത്യസമയത്ത് അക്കൗണ്ടുകൾ സമർപ്പിക്കുക എന്നിവയാണ് ട്രഷറി കംപ്യൂട്ടർവൽക്കരണം കൊണ്ട് ഉദ്ദേശിക്കുന്നത്.

(ബി) ഉണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് കെൽട്രോണിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ സംവിധാനം നിലവിൽ വരുന്നതോടുകൂടി സർക്കാരിന്റെ സാമ്പത്തിക നില യഥാസമയം അറിയാൻ സാധിക്കുന്നു. വ്യക്തികൾക്ക് ഏത് ട്രഷറിയിൽ നിന്നും അയാളുടെ ബില്ലുകൾ മാറാൻ സാധിക്കുന്നതാണ്.

(സി) മൂന്ന് ഘട്ടമായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ജീവനക്കാർക്ക് പരിശീലനം നൽകുന്നതിലേക്കായി കെൽട്രോൺ, ഐ.എം.ജി., എൽ.ബി.എസ്., എൻ.ഐ.സി. എന്നീ സ്ഥാപനങ്ങളുടെ സഹായത്തോടെ പരിശീലന പദ്ധതിയ്ക്ക് രൂപം നൽകി. ജൂനിയർ അക്കൗണ്ടന്റുമാർ മുതൽ ജില്ലാ ട്രഷറി ഓഫീസർമാർ വരെയുള്ളവർക്ക് ഘട്ടംഘട്ടമായി പരിശീലനം നൽകി വരുന്നു.

(ഇ) രണ്ടായിരാമാണ്ടിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിയ്ക്കുന്നു.

അഡീഷണൽ ട്രഷറി ജീവനക്കാരനായ ശ്രീ. പ്രഭാകരനെതിരെ അച്ചടക്ക നടപടി

36 (1859) ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അച്ചടക്ക നടപടിയുടെ ഭാഗമായി ട്രഷറി വകുപ്പിലെ അഡീഷണൽ സബ് ട്രഷറി ജീവനക്കാരനായ ശ്രീ. വി. പ്രഭാകരനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി അദ്ദേഹത്തിന് നോട്ടീസ് നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) സർക്കാർ ജീവനക്കാർ കലാസാഹിത്യ-സാംസ്ക്കാരിക പരിപാടികളിൽ പങ്കെടുക്കുന്നതിന് നിലവിലുള്ള നിയമ പ്രകാരം എന്തെങ്കിലും തടസ്സമുണ്ടോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) നൽകിയിട്ടുണ്ട്.

(ബി) നിലവിലുള്ള ചട്ടങ്ങൾക്ക് വിരുദ്ധമായി സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെ പൊതുവേദികളിൽ പങ്കെടുക്കുകയും പ്രസംഗിക്കുകയും ചെയ്തതിന്റെ പേരിലാണ് അച്ചടക്ക നടപടികൾ ആരംഭിച്ചത്.

(സി) നിലവിലുള്ള ചട്ടപ്രകാരം കലാ-സാഹിത്യ-സാംസ്ക്കാരിക പരിപാടികളിൽ പങ്കെടുക്കുന്നതിന് ജീവനക്കാർ സർക്കാരിൽ നിന്ന് മുൻകൂർ അനുമതി വാങ്ങേണ്ടതുണ്ട്.

മണി ഓർഡർ വഴി പെൻഷൻ നൽകുന്നതിന് ചെലവ്

37 (1860) ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly